പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 659 | 12.06.2013-ൽ മറുപടിയ്ക്ക്

## പകർച്ചവ്യാധികളും ജീവിതശൈലീരോഗങ്ങളും

ചോദ്യം | മറുപടി

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) പകർച്ചവ്യാധികളും ജീവിതശൈലീരോഗങ്ങളും കാരണം കേരളത്തിൽ മരണനിരക്ക് കൂടുന്നു എന്ന സാമ്പത്തിക അവലോകന റിപ്പോർട്ടിലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (ബി) കേരളത്തിൽ 30 നും 60 നും വയസ്സിനിടയിൽ പ്രായമുള്ളവർക്ക് സംഭവിക്കുന്ന മരണങ്ങളിൽ ജീവിതശൈലീരോഗങ്ങൾ കൊണ്ടുണ്ടാകുന്ന മരണനിരക്ക് 50% ൽ കൂടുതലാണ്. ജീവിതശൈലീരോഗങ്ങൾ കാരണമുള്ള മരണനിരക്ക് നിയന്ത്രിക്കുന്നതിനായി 'അമൃതം ആരോഗ്യം' എന്ന പദ്ധതി നടപ്പാക്കി വരുന്നു. വ്യായാമം, ആഹാരക്രമം, ശീലങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം, പ്രമേഹം, രക്തസമ്മർദ്ദം, ബോഡിമാസ് ഇൻഡക്സ് ഇവയുടെ സ്ക്രീനിംഗ് നടത്തുകയും കഴപ്പമുണ്ടെന്നു കണ്ടെത്തു – ന്നവരെ ചികിത്സിക്കുന്നതിനും ആവശ്യമായ മരുന്നുകൾ സൗജന്യമായി നൽകുന്നതിനുംഈ പദ്ധതി ലക്ഷ്യമിടുന്നു. |
| (സി) ജീവിതശൈലീരോഗങ്ങൾ ക്കെതിരായ ബോധവൽക്കരണ ത്തിനു വേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യുന്നത് എന്നും ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ ? | (സി) ശരിയായ ആഹാരക്രമം, ചിട്ടയായ വ്യായാമം, മദ്യപാനം, പുകവലി എന്നീ ശീലങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം JHI, JPHN, Medical Officer, Dietition എന്നിവരുടെ മേൽനോട്ടത്തിൽ നടന്നു വരുന്നു. പുകവലി നിയന്ത്രിക്കുന്നതിനായി 739 വിദ്യാഭ്യാസ സ്ഥാപനങ്ങളും 81 ജോലി സ്ഥലങ്ങളും പുകവലി വിമുക്തമായി പ്രഖ്യാപിച്ചു. കൂടാതെ 98 പഞ്ചായത്തു വാർഡുകൾ പുകയില വിമുക്ത മാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ